1002
16/11/20

**കേരള സർക്കാർ**

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കേരളത്തിലെ വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള പ്ലാന്റേഷൻ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവികവനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം.168/2019/വനം                    തീയതി, തിരുവനന്തപുരം, 10/05/2019

---

പരാമർശം :- 1) 06.01.2018 തീയതിയിലെ 01/ബി2/2018/വനം നമ്പർ സർക്കാർ കത്ത്.
2) 18/03/2019 തീയതിയിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ WL4 -64890/2017 നമ്പർ ശിപാർശ.

**ഉത്തരവ്**

സംസ്ഥാനത്തെ വനമേഖലകളിൽ വലിയൊരു ശതമാനം തേക്ക് പ്ലാന്റേഷനുകളാണ്. വന്യമൃഗസങ്കേതങ്ങൾക്കുള്ളിൽ ഇത്തരത്തിൽ തേക്ക് പ്ലാന്റേഷനുകൾ നിലനിൽക്കുന്നത് വന്യമൃഗങ്ങൾക്ക് ഒരു തരത്തിലും ഗുണം ചെയ്യുന്നില്ല എന്നു മാത്രമല്ല ഭക്ഷണ ദൗർലഭ്യവും വേനൽക്കാലത്ത് ഇല പൊഴിയുന്നതിലൂടെ സൂര്യ പ്രകാശം നേരിട്ട് മണ്ണിൽ പതിച്ച് വൻ തോതിൽ ജല ദൗർലഭ്യവും ഉണ്ടാകുന്ന സാഹചര്യമുണ്ട്. വന്യമൃഗസങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും മറ്റും യാതൊരുവിധ മരവും മുറിക്കാൻ പാടില്ലെന്നും വീണുകിടക്കുന്ന മരം പോലും എടുക്കാൻ പാടില്ലെന്നും വന്യമൃഗസംരക്ഷണ നിയമത്തിലും, മറ്റ് കോടതി വിധികളിലും പറഞ്ഞിട്ടുള്ളതിനാൽ സംസ്ഥാനത്തിന് വലിയ റവന്യൂ വരുമാനം നേടിത്തരാവുന്ന തേക്ക് മരങ്ങൾ നിഷ്ക്രിയ ആസ്തിയായി നശിച്ചു കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ഓരോ വന്യമൃഗ സങ്കേതങ്ങളിലും, ദേശീയോദ്യാനങ്ങളിലും നിലവിലുള്ള പ്ലാന്റേഷനുകളിലെ മരങ്ങൾ ഓരോ വർഷവും ചെറിയ ഒരു ശതമാനം വീതം മുറിച്ച് വിൽക്കാനും പകരം പ്രസ്തുത പ്രദേശം സ്വാഭാവിക വനമാക്കി മാറ്റാനും കഴിഞ്ഞാൽ വനത്തിനുള്ളിൽ ജല ലഭ്യത ഉറപ്പുവരുത്താനും മൃഗങ്ങൾക്ക് കൂടുതൽ ഭക്ഷണം ലഭ്യമാകുന്നതിനും വൻതോതിലുള്ള തടി ഇറക്കുമതി കുറയ്ക്കാനും നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ നേട്ടമുണ്ടാക്കാനും മനുഷ്യ - വന്യജീവി സംഘർഷം കുറയ്ക്കാനും കഴിയും. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് വിശദമായ ഒരു പ്രൊപ്പോസൽ സമർപ്പിച്ച് വിഷയത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തി നിലവിലെ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സാധിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും.

(2) സംസ്ഥാനത്തിന് തടി ഇറക്കുമതിയിലൂടെയുണ്ടാകുന്ന ചെലവും മുറിച്ച് വിൽക്കാൻ കഴിയാത്ത തരത്തിൽ വന്യമൃഗ സങ്കേതങ്ങളിലും മറ്റുമുള്ള തേക്ക് പ്ലാന്റേഷനുകളുടെ

വിസ്തീർണ്ണവും അതിലെ തേക്ക് മരങ്ങളുടെ വ്യാപ്തിയും മുറിച്ച് വിറ്റാലുണ്ടാകുന്ന സാമ്പത്തിക നേട്ടവും പകരം സ്വാഭാവിക വനം രൂപപ്പെടുത്തിയാലുള്ള ഗുണങ്ങളും ഉൾപ്പെടെ ഇക്കാര്യത്തിൽ വിശദമായ ഒരു പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത പഠനം നടത്തുന്നതിനുള്ള കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗസ്ഥരെയും വിദഗ്ദ്ധരെയും സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം 2 പ്രകാരം സമർപ്പിച്ച ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ പഠനം നടത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന വിദഗ്ദ്ധരും ഉദ്യോഗസ്ഥരുമടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു :-

**ചെയർമാൻ** : ശ്രീ. അൻജൻ കുമാർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട്.

**മെമ്പർമാർ:**

1. ഡോ. ഇ. കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി)
2. ഡോ. പി. ബാലകൃഷ്ണൻ (വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)
3. ഡോ. പി. ഒ. നമീർ ( പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ്)
4. ശ്രീ. ജയിംസ് സക്കറിയ (റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ)

(3) ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനകം കമ്മിറ്റി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം മുഖാന്തിരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**അനിൽ കുമാർ വി. എസ്,**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), തിരുവനന്തപുരം.

ശ്രീ. അൻജൻ കുമാർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട്.

ഡോ. ഇ. കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി).

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം മുഖേന

ഡോ. പി. ബാലകൃഷ്ണൻ (വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)

ഡോ. പി. ഒ. നമീർ ( പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ്).

ശ്രീ. ജയിംസ് സക്കറിയ (റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ).

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം മുഖേന

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ